LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	വിദേശ വിനോദ സഞ്ചാരികൾ	ആഭ്യന്തര വിനോദ സഞ്ചാരികൾ	ആകെ
2011	7,32,985	93,81,455	1,01,14,440
2012	7,93,696	1,00,76,854	1,08,70,550
2013	8,58,143	1,08,57,811	1,17,15,954
2014	9,23,366	1,16,95,411	1,26,18,777
2015 ഒക്ടോബർ വരെ (പ്രൊവിഷണൽ)	7,75,390	99,53,137	1,07,28,527

കെ.റ്റി.ഡി.സി.-യിലെ അസിസ്റ്റന്റ് കുക്കുകൾ

268 (2548) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസം ഡവലപ്പ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് കുക്കുകളുടെ എത്ര ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ തസ്തികയിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ ലിസ്റ്റിൽ നിന്നും നിയമനം നടത്തിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നിയമനവുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ഹൈക്കോടതി വിധി ഉണ്ടായിട്ടുണ്ടോ;

(ഡി) പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ?

ഉത്തരം

(എ) കേരള ടൂറിസം ഡവലപ്മെന്റ് കോർപ്പറേഷനിൽ അസിസ്റ്റന്റ് കുക്കുകളുടെ 24 ഒഴിവുകൾ ഇപ്പോൾ നിലവിലുണ്ട്.

(ബി) കെ.റ്റി.ഡി.സി.യിൽ - അസിസ്റ്റന്റ് കുക്കിന്റെ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരുന്നതല്ല.

(സി) കെ.റ്റി.ഡി.സി.യിലെ അസിസ്റ്റന്റ് കുക്ക് നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരുന്ന WP(C) No. 27303/2014-ൽ 5-11-2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയം വിശദമായി പരിശോധിക്കുകയും അസിസ്റ്റന്റ് കുക്ക് തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ കെ.റ്റി.ഡി.സി. മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടുകൊണ്ട് 5-6-2015-ലെസ.ഉ(സാധാ)നമ്പർ 246/2015/ ടൂറിസം പ്രകാരം ഉത്തരവായിട്ടുമുണ്ട്.

(ഡി) 'ബി' പിരിവിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

'വിസ ഓൺ അറൈവൽ' പദ്ധതി

269(2549) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് വിനോദസഞ്ചാരമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് വിസ ഓൺ അറൈവൽ പദ്ധതി ഏർപ്പെടുത്തുക വഴി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) 'വിസ ഓൺ അറൈവൽ' പദ്ധതി ഇപ്പോൾ 'ഇ-ടൂറിസ്റ്റ് വിസ ഓൺ അറൈവൽ' സംവിധാനമായി പരിഷ്കരിച്ചാണ് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്നത്. ഇന്ത്യയിലെ 16 വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ സംവിധാനം കേരളത്തിൽ കൊച്ചി, തിരുവനന്തപുരം എന്നീ 2 വിമാനത്താവളങ്ങളിൽ ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly